**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2190** **09-02-2023 - ൽ മറുപടിയ്ക്ക്**

**പാലമേൽ ഗ്രാമപഞ്ചായത്തിൽ മാതൃക അംഗൻവാടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വനിത ശിശു വികസന വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | (എ) സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും വികസനത്തിനുമായി വനിതാ ശിശുവികസന വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | മാവേലിക്കര നിയോജക മണ്ഡലത്തിലെ പാലമേൽ ഗ്രാമപഞ്ചായത്തിൽ മാതൃക അംഗൻവാടി അനുവദിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | (ബി) മാവേലിക്കര നിയോജക മണ്ഡലത്തിലെ പാലമേൽ ഗ്രാമ പഞ്ചായത്തിൽ മാതൃക അങ്കണവാടി നിർമ്മിക്കുന്നതിനുള്ള പ്രൊപോസൽ പഞ്ചായത്തിൽ നിന്നോ ഐസിഡിഎസിൽ നിന്നോ ലഭിച്ചിട്ടില്ല. സംസ്ഥാനത്ത് 01.04.2019 മുതൽ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി ആരംഭിച്ചിട്ടുള്ളതിനാൽ മാതൃക അങ്കണവാടി പദ്ധതി പ്രകാരം നിലവിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നില്ല. മാവേലിക്കര നിയോജക മണ്ഡലത്തിലെ പാലമേൽ ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലവും, വകുപ്പ് വിഹിതത്തിന് പുറമെയുള്ള LSGD വിഹിതം വകയിരുത്തിക്കൊണ്ടുള്ള ഭരണസമിതി തീരുമാനവും ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ

## ശിശു വികസനം

### 1. അങ്കണവാടി സർവ്വീസസ് (ജനറൽ)

ദേശീയ തലത്തിൽ സ്ത്രീകളുടേയും കുട്ടികളുടേയും വികാസത്തിന് വേണ്ടി നടപ്പാക്കുന്ന ഒരു ബൃഹത് പദ്ധതിയാണ് സംയോജിത ശിശുവികസന സേവന പദ്ധതി. ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ, 6 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ എന്നിവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കേന്ദ്ര ധനസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ കീഴിൽ ചുവടെ പറയുന്ന സേവനങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നു.

1.അനുപൂരക പോഷകാഹാരം

2.പ്രതിരോധ കുത്തിവെയ്പ്പ്

3. ആരോഗ്യ പരിശോധന

4.റെഫറൽ സർവീസ്

5.ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസം

6.പ്രീ സ്കൂൾ വിദ്യാഭ്യാസം

ഐ.സി.ഡി.എസ് പദ്ധതി നടപ്പാക്കുന്നത് 33115 അങ്കണവാടി കേന്ദ്രങ്ങളുടെ ഒരു ബൃഹത് ശൃംഖലയിലൂടെയാണ്. 258 ഐ.സിഡിഎസ് പ്രൊജക്ടുകൾ, 258 സി ഡി പി ഒ മാർ, 33115 അങ്കണവാടി വർക്കർമാർ 33115 അങ്കണവാടി ഹെല്പർമാർ എന്നിവർ വഴി ഐ സി ഡി എസ് പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് അങ്കണവാടികളിൽ ആഴ്ചയിൽ രണ്ടു ദിവസം കോഴിമുട്ട, പാൽ എന്നിവ കുട്ടികൾക്ക് നൽകുന്ന പദ്ധതി ആരംഭിച്ചു(പോഷകബാല്യം), കുട്ടികൾക്കുള്ള പ്രീ-സ്കൂൾ വിദ്യാഭ്യാസ കിറ്റ്, അങ്കണവാടി കണ്ടിജൻസി, മെഡിസിൻ കിറ്റ്, അങ്കണവാടി പ്രവർത്തകർക്കുള്ള യൂണിഫോം തുടങ്ങിയവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നു. ടി പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാരുടെ വേതനം ഇനത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ 25:75 എന്ന

Sreeja

അനുപാതത്തിലും, മറ്റ് കമ്പോണന്റുകൾക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലുമാണ് ചെലവ് വഹിക്കുന്നത്.

2. **നാഷണൽ ന്യൂട്രിഷൻ മിഷൻ (പോഷൻ അഭിയാൻ).**

കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിന്റെ പോഷൻ അഭിയാൻ 2.0 പുതുക്കിയ മാർഗരേഖ പ്രകാരം 60 : 40 അനുപാതത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 0-6 വയസ്സുവരെയുള്ള കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവരിൽ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടു നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതിയാണ് നാഷണൽ ന്യൂട്രിഷൻ മിഷൻ (പോഷൻ അഭിയാൻ). കേരളത്തിൽ ഇത് സമ്പുഷ്ട കേരളം എന്ന് അറിയപ്പെടുന്നു. ഘട്ടം ഘട്ടമായി രാജ്യത്തുള്ള പോഷകാഹാരക്കുറവ് കുറയ്ക്കുക, കുട്ടികളിലെയും 15-49 വയസ്സ് വരെ ഉള്ള സ്ത്രീകളിലെയും വിളർച്ച, നവജാത ശിശുക്കളിലെ ഭാരമില്ലായ്മ എന്നിവ നിർമ്മാർജനം ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

3. **പ്രഥമ സഹസ്ര ദിനങ്ങൾ**

ഗർഭാവസ്ഥയിലെ 9 മാസം മുതൽ കുട്ടിയ്ക്ക് 2 വയസ്സ് തികയുന്നതുവരെയുള്ള ആദ്യ 1000 ദിനങ്ങൾ കുട്ടിയുടെ സമഗ്രവളർച്ചയിൽ അതീവ പ്രാധാന്യമുള്ളതാണ്. ഗർഭകാലത്ത് അമ്മയ്ക്ക് ലഭിക്കുന്ന പോഷണം ഗർഭസ്ഥശിശുവിന്റെ ശരീരവളർച്ച, തലച്ചോറിന്റെ വികാസം എന്നിങ്ങനെ സമസ്ഥ മേഖലകളിലും സ്വാധീനം ചെലുത്തുന്നു. ഗർഭിണികളിലെ ന്യൂനപോഷണം ശിശുമരണത്തിനും അനാരോഗ്യമുള്ള കുഞ്ഞുങ്ങളുടെ ജനനത്തിനും കാരണമാകുന്നു. ഇക്കാര്യങ്ങൾ കണക്കിലെടുത്ത്, അട്ടപ്പാടി മേഖലയിലുണ്ടായ വർദ്ധിച്ച ശിശുമരണങ്ങളുടെ പശ്ചാത്തലത്തിലാണ് 2013 ൽ First 1000 days programme എന്ന പദ്ധതി ആരംഭിച്ചത്. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പ്രത്യേക തെറാപ്യൂട്ടിക് ഫുഡ് വിതരണം ചെയ്യുന്നു. നിലവിൽ 42 ICDS പ്രോജക്ടുകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

4. **അനുപൂരക പോഷകാഹാര പദ്ധതി**

3 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ, 3-6 പ്രായത്തിലുള്ള പ്രീ-സ്കൂൾ കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് പോഷക നിലവാരം ഉയർത്തുക എന്ന ലക്ഷ്യം നിറവേറ്റാനുള്ള ഒരു കേന്ദ്ര പദ്ധതിയാണ് അനുപൂരക പോഷകാഹാര പദ്ധതി.

Sreena.VS

സംസ്ഥാന സർക്കാരിന്റെ അധികാര വികേന്ദ്രീകരണം, വികേന്ദ്രീകൃതാസൂത്രണം എന്നീ പരിപാടികളിലൂടെ അങ്കണവാടികളുടെ മേൽ നോട്ടവും നിയന്ത്രണവും പൂരക പോഷകാഹാര പരിപാടി നടപ്പിലാക്കേണ്ട ഉത്തരവാദിത്തവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. ഐ.സിഡി.എസ് മാനദണ്ഡ പ്രകാരം നിശ്ചയിച്ചിട്ടുള്ള പോഷകമൂല്യം അടങ്ങിയ പ്രാദേശിക സാഹചര്യങ്ങൾക്ക് യോജിക്കുന്ന തരത്തിലുള്ള ആഹാര സാധനങ്ങൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ട്. അങ്കണവാടി സെന്ററുകൾ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**5. അമൃതം ന്യൂട്രിമിക്സ്:-**

അങ്കണവാടികളിലൂടെ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് നൽകി വരുന്ന അമൃതം ന്യൂട്രിമിക്സ്, 2019 മെയ് മാസം മുതൽ 11 മൈക്രോന്യൂട്രിയന്റ്സ് ( Calcium, Iron, Zinc, Vit.A, Thiamine, Riboflavin, Niacin, Vit. B6, Vit. C, Folic Acid, Vit. B12) ഉപയോഗിച്ച് ഫോർട്ടിഫൈ ചെയ്തു വിതരണം ചെയ്യുന്നു.

**6. സൈക്കോ സോഷ്യൽ സർവ്വീസസ് പദ്ധതി**

കൗമാരക്കാരായ പെൺകുട്ടികളുടെ സാമൂഹ്യ-മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകികൊണ്ട് സംസ്ഥാനത്തെ വനിതാ ശിശുവികസന വകുപ്പ് വഴി സർക്കാർ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന 1012 സ്കൂളുകളിൽ 2009-2010 മുതൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സൈക്കോ സോഷ്യൽ സർവ്വീസസ് പദ്ധതി. പദ്ധതിയുടെ ലക്ഷ്യപ്രാപ്തിയ്ക്കായി നിശ്ചിത യോഗ്യതയുള്ള കൗൺസിലർമാരെ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്. കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ശാരീരിക, മാനസിക, ആരോഗ്യ, പഠന നിലവാരം മുൻ നിർത്തിക്കൊണ്ടുള്ള കൗൺസിലിംഗ് പ്രവർത്തനങ്ങൾക്കാണ് ഈ പദ്ധതിയിൽ മുൻഗണന നൽകുന്നത്. നിലവിൽ 1012 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു

**7. സ്കീം ഫോർ അഡോളസെന്റ് ഗേൾസ് (SAG)**

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതിയിലൂടെ 2022-23 സാമ്പത്തിക വർഷം മുതൽ ആസ്പിരേഷൻ ജില്ലയായ വയനാട്ടുള്ള 14-18 വയസ്സുവരെയുള്ള കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യപോഷണ

Seema US

നിലവാരം ഉയർത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിലാണ് പദ്ധതിയ്ക്കായി തുക ചെലവഴിക്കുന്നത് 14-18 വയസ്സുവരെയുള്ള പെൺകുട്ടികളുടെ ശാക്തീകരണവും വ്യക്തിത്വ വികസനവും, ആരോഗ്യം, പോഷണം നൈപുണ്യവികസനം എന്നീ കാര്യങ്ങളിൽ അവർക്ക് അവബോധം ഉണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

**8. ന്യൂട്രിഷൻ ക്ലിനിക്**

കുട്ടികളിലെയും സ്ത്രീകളിലെയും പോഷണക്കുറവ്,വിളർച്ച, തൂക്കക്കുറവ്, വളർച്ച മുരടിപ്പ് എന്നിവ തടയുന്നതിനായി പോഷകാഹാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്ക്കരിക്കുന്നതിനും ഗുണഭോക്താക്കളുടെ പോഷണ നിലവാരം വിലയിരുത്തുന്നതിനും തുടർസേവനങ്ങൾ നൽകുന്നതിനും യോഗ്യരായ പോഷക വിദഗ്ദ്ധരുടെ സഹായത്തോട്ടുകൂടി "ന്യൂട്രിഷൻ ക്ലിനിക്" എന്ന പദ്ധതി 2020-21 സാമ്പത്തിക വർഷം ആരംഭിച്ചു . ഗർഭിണികൾക്കും, അമ്മമാർക്കും, കുട്ടികൾക്കും, കൗമാരക്കാർക്കും ആഴ്ചയിൽ രണ്ട് ദിവസം തെരഞ്ഞെടുക്കപ്പെട്ട 152 ബ്ലോക്കിലും 6 കോർപ്പറേഷനിലുമുള്ള വനിത ശിശു വികസന വകുപ്പിന് കീഴിലുള്ള കേന്ദ്രത്തിലൂടെ സേവനം നൽകി വരുന്നു

**9. അങ്കണവാടികളിൽ കോഴിമുട്ട, പാൽ വിതരണം (പോഷകബാല്യം)-**

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരംഉയർത്തുന്നതിനും, കുട്ടികളിലെ വളർച്ച മുരടിക്കൽ, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും, സുസ്ഥിര വികസന ലക്ഷ്യമായ 'നോ ഹംഗർ' കൈവരിക്കുന്നതിനുമായി അങ്കണവാടി കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം മുട്ടയും, രണ്ട് ദിവസം പാലും അങ്കണവാടി മെനുവിൽ ഉൾപെടുത്തി നൽകി വരുന്നു .

**10. സ്മാർട്ട് അങ്കണവാടി**

സംസ്ഥാനത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന അങ്കണവാടികൾക്ക് ഒരു ഏകീകൃത മോഡൽ വേണമെന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിന് കീഴിൽ സ്വന്തമായി സ്ഥലം ലഭ്യമായ അങ്കണവാടികൾക്ക് ആധുനിക രീതിയിൽ 204 സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും, അതിൽ 4 കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്

Seena. VS

**11. കമ്മ്യൂണിറ്റി കിച്ചൻ**

അട്ടപ്പാടി മേഖലയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കമ്മ്യൂണിറ്റി കിച്ചൻ. 2013 മുതൽ ആരംഭിച്ച ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഭക്ഷണസാധനങ്ങൾ ഏറ്റെടുക്കൽ, പാചകം, വിതരണം തുടങ്ങിയവയുടെ പൂർണ്ണമായ ചുമതല കുടുംബശ്രീ മിഷനാണ്. ഐ സി ഡി എസ് ഗുണഭോക്താക്കൾക്ക് പുറമേ ഭിന്നശേഷിയുള്ളവർക്കും, കിടപ്പ് രോഗികൾക്കും, വയോജനങ്ങൾക്കുമായി ഈ പദ്ധതി വിപുലീകരിച്ചു.

**12. സ്പെഷ്യൽ അങ്കണവാടി പദ്ധതി –**

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അങ്കണവാടികളിൽ, വിഭിന്ന ശേഷി കുട്ടികൾക്ക് എത്തിച്ചേരാൻ സൗകര്യമുള്ള അങ്കണവാടികളെ (വിവിധ പഞ്ചായത്തുകളിൽ നിന്നും) തെരെഞ്ഞെടുത്ത് barrier free access facility സൗകര്യം നൽകി സ്പെഷ്യൽ അങ്കണവാടിയാക്കി മാറ്റിയിട്ടുണ്ട്. ഒരു അങ്കണവാടിക്ക് Rs. 200000/- രൂപ നിരക്കിൽ തുക അനുവദിച്ച് സംസ്ഥാനത്ത് 84 അങ്കണവാടികൾ വിഭിന്ന ശേഷി സൗഹൃദമാക്കിയിട്ടുണ്ട്.

**13. നാഷണൽ ക്രഷ് സ്കീം**

സംഘടിത/ അസംഘടിത മേഖലകളിൽ സേവനമനുഷ്ഠിക്കുന്ന സ്ത്രീകളുടെ 6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികളെ പകൽ സമയങ്ങളിൽ സുരക്ഷിതമായി പരിചരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് നാഷണൽ ക്രഷ് സ്കീം. ഈ പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന ക്രഷുകൾക്കുള്ള ധനസഹായം 60:30 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാർ നൽകിവരുന്നു.

**14. ശിശു സൗഹൃദ ടോയ്‌ലറ്റുകളുടെ നിർമ്മാണം**

സ്വന്തമായി കെട്ടിടസൗകര്യമുള്ള അങ്കണവാടികൾക്ക് ശിശു സൗഹൃദ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. കേരളത്തിൽ സ്വന്തം കെട്ടിടമുള്ളതും ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്തതുമായ അങ്കണവാടികൾക്ക് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നു.

**15. അങ്കണവാടികൾക്ക് കുടിവെള്ള സംവിധാനം**

കേരളത്തിൽ സ്വന്തം കെട്ടിടമുള്ളതും കുടിവെള്ള സൗകര്യമില്ലാത്തതുമായ അങ്കണവാടികൾക്ക് കുടിവെള്ളസംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതിയാണിത്.

## ശിശു സംരക്ഷണം

## 16. സംയോജിത ശിശു സംരക്ഷണ പദ്ധതി

ശ്രദ്ധയും സംരക്ഷണവും പരിചരണവും ആവശ്യമുള്ളതും നിയമവുമായി പൊരുത്തപ്പെടാനാകാത്തതുമായ കുട്ടികളുടെ സംരക്ഷണവും പുനരധിവാസവും ഉറപ്പാക്കുന്നതിനായി വനിത ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ശിശു സംരക്ഷണ പദ്ധതി. ടി പദ്ധതി 2009-2010 കാലഘട്ടത്തിലാണ് രൂപീകരിച്ചതെങ്കിലും സംസ്ഥാനത്ത് പൂർണ്ണമായും പദ്ധതി പ്രവർത്തനം നടപ്പിലാക്കി തുടങ്ങിയത് 2014-15 കാലഘട്ടത്തിലാണ്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഐ സി പി എസ് മാർഗ്ഗ നിർദ്ദേശ പ്രകാരം സംസ്ഥാനതലത്തിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി രൂപീകരിച്ച സംസ്ഥാനതല സംവിധാനമാണ് സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി (SCPS). ടി സൊസൈറ്റിയുടെ പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കൾ വിഷമകരമായ സാഹചര്യത്തിൽ ജീവിക്കുന്ന ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളതും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുമാണ്.

ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും നിയമത്തിന് വിധേയരാകാത്തതുമായ 18 വയസ്സിനു താഴെ പ്രായമുള്ള മുഴുവൻ കുട്ടികളുടെയും ക്ഷേമവും സരംക്ഷണവും ഉറപ്പുവരുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നത് സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയാണ്. ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി, സ്പെഷ്യൻ ജുവനൈൽ പോലീസ് യൂണിറ്റ്, വിവിധ ശിശു സംരക്ഷണ സ്ഥാപനങ്ങൾ, സാറ, തുടങ്ങിയവ എസ് സി പി എസിന്റെ വിവിധ ഘടകങ്ങളാണ്. ബാലനീതി നിയമ പ്രകാരം പ്രവർത്തിക്കുന്ന വിവിധ ഘടകങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടു കൂടി നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് SPSU, SCPS, SARA, DCPU, SJPU,ORC തുടങ്ങിയവ പ്രവർത്തനമാരംഭിച്ചു.

Seena. VS

**പദ്ധതിയുടെ ലക്ഷ്യങ്ങൾ**

- 18 വയസ്സിനു താഴെ പ്രായമുള്ള ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെയും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെയും സുരക്ഷിതത്വവും അവകാശ സംരക്ഷണവും ഉറപ്പ് വരുത്തി ഭാവിയിൽ നല്ല പൗരന്മാരായി വളരുവാൻ കുട്ടികളെ പ്രാപ്തരാക്കുക.
- കുട്ടികൾക്ക് എതിരെ വർദ്ധിച്ചുവരുന്ന ശാരീരിക-മാനസിക-സാമൂഹിക-ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളുടെ അവകാശങ്ങളിന്മേലുള്ള മറ്റുള്ളവരുടെ കടന്നുകയറ്റങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ഉറച്ച പ്രതിരോധ സംവിധാനം രൂപീകരിക്കുക.
- 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വളരെ പെട്ടെന്ന് തൊട്ടടുത്തായി എത്തിപ്പെടാൻ കഴിയുന്ന ഉന്നത ഗുണനിലവാരമുള്ള സർക്കാർ സേവനവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുക.
- കുട്ടികളുടെ സംരക്ഷണത്തിനായുള്ള മുഴുവൻ നിയമങ്ങളേയും പദ്ധതികളേയും കൂട്ടിയിണക്കി ഒരു കുടക്കീഴിൽ കൊണ്ടുവരികയും വിവിധ സർക്കാർ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്ത് കൂടുതൽ മെച്ചപ്പെട്ട സേവനം ഉറപ്പാക്കുക.

**17. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി)**

കുട്ടികൾ അനുഭവിക്കുന്ന സ്വഭാവ-വൈകാരിക-പഠന-മാനസികാരോഗ്യ-സാമൂഹിക വെല്ലുവിളികൾ സ്കൂൾതലത്തിൽ അദ്ധ്യാപകരുടേയും രക്ഷിതാക്കളുടേയും പൊതു സമൂഹത്തിന്റേയും കൂട്ടായ്മയിൽ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിക്കുന്നതിനും കുട്ടികളിലെ ജീവിത നൈപുണികൾ ശക്തിപ്പെടുത്തുന്നതിനുമുള്ള നൂതന പദ്ധതിയാണ് ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ. 2020-21 സാമ്പത്തിക വർഷത്തിൽ ടി പദ്ധതി പ്രകാരം ജീവിത നൈപുണ്യ വിദ്യാഭ്യാസം ഡിജിറ്റൽ മാർഗ്ഗം 304 സ്കൂളുകളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും മാനസിക-ശാരീരിക-സാമൂഹിക-പഠന വെല്ലുവിളികൾ നേരിടുന്ന 22423 കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. നിലവിൽ 380 സ്കൂളുകളിലേക്ക് ടി പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസം, ആഭ്യന്തരം, ആരോഗ്യം, പോലീസ്, തദ്ദേശ സ്വയംഭരണം, പട്ടികവർഗ്ഗ വികസനം തുടങ്ങിയ വകുപ്പുകളുടെ ഏകോപനത്തിലൂടെയാണ് പദ്ധതി

Seena VS

നടപ്പിലാക്കി വരുന്നത്. പദ്ധതിയിലൂടെ രക്ഷാകർത്താക്കൾക്കും അദ്ധ്യാപകർക്കും കുട്ടികൾ അഭിമുഖീകരിയ്ക്കുന്ന പ്രശ്നങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനും ഇടപെടലുകൾ നടത്തുന്നതിനാവശ്യമായ പരിശീലനങ്ങളും നൽകി വരുന്നു. കൂടാതെ പദ്ധതി നടപ്പാക്കുന്ന സ്കൂളുകളിലെ കുട്ടികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കുമായി സൈബർ, മാനസികാരോഗ്യ മേഖലകളിലെ വിദഗ്ദരായ വ്യക്തികളെ നിയോഗിച്ച് വ്യത്യസ്ത തലങ്ങളിൽ എന്തൊക്കെ കാര്യങ്ങൾ കുട്ടികൾ ശ്രദ്ധിയ്ക്കണമെന്നതിനെ കുറിച്ചും മാതാപിതാക്കൾ അദ്ധ്യാപകർ എന്നിവർ കുട്ടികൾ ഇത്തരം പ്രവണതകളിലേയ്ക്ക് ചെന്ന് എത്തുന്നതിനു മുമ്പായി എങ്ങനെ പ്രതിരോധിയ്ക്കാം എന്നതിനെ സംബന്ധിച്ചും നിരന്തരമായി ബോധവൽക്കരണം നടത്തി വരുന്നു. കുട്ടികളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിദഗ്ധപരിചരണം നൽകുന്നതിനുമായി ജില്ലാതലത്തിൽ ജില്ലാ റിസോഴ്സ് സെന്റർ രൂപീകരിച്ചിട്ടുണ്ട്.

**<u>ജില്ലാ റിസോഴ്സ് സെന്റർ –</u>**

കുട്ടികൾ അനുഭവിയ്ക്കുന്ന പ്രശ്നങ്ങൾ പലതും അതത് സമയങ്ങളിൽ കണ്ടുപിടിയ്ക്കുന്നതിന് ഭൂരിഭാഗം രക്ഷിതാക്കളും അദ്ധ്യാപകരും പ്രാപ്തരല്ലായെന്നുള്ളത് ഒരു വസ്തുതയാണ്. അതിനാൽ പ്രയാസങ്ങൾ അനുഭവിയ്ക്കുന്ന കുട്ടികൾക്ക് ആവശ്യമായ സമയത്ത് ശ്രദ്ധയും പരിചരണവും ലഭ്യമാക്കാനും സാധിയ്ക്കുന്നില്ല. കുട്ടികളോടുള്ള ഉത്തരവാദിത്വം ശാസ്ത്രീയമായും കൂട്ടായും നിറവേറ്റുന്നതിൽ രക്ഷിതാക്കളും അദ്ധ്യാപകരും പൊതുസമൂഹവും പലപ്പോഴും പരാജയപ്പെടുന്നുവെന്ന തിരിച്ചറിവിൽ നിന്നും ആയത് പരിഹരിയ്ക്കുന്നതിനായി വകുപ്പ് മുഖേന ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിൽ ജില്ലാ റിസോഴ്സ് സെൻററുകൾ രൂപീകരിച്ചിട്ടുണ്ട്. ഇതിലൂടെ പ്രശ്നങ്ങൾ അഭിമുഖീകരിയ്ക്കുന്ന കുട്ടികൾക്ക് വിദഗ്ധരുടെ സേവനം ലഭ്യമാകുന്നു. വ്യക്തിഗത ഇടപെടലുകൾ, റഫറൽ സംവിധാനം, വിവിധതരത്തിലുള്ള പരിശീലനങ്ങൾ, ആശയ – വിജ്ഞാന – വ്യാപന കേന്ദ്രം തുടങ്ങി വിവിധ സേവനങ്ങൾ കുട്ടികളിലേയ്ക്ക് എത്തിയ്ക്കാൻ സാധിയ്ക്കുന്നു. വിവിധ പ്രശ്നങ്ങൾ (കുടുംബപ്രശ്നങ്ങൾ, മാനസിക പ്രശ്നങ്ങൾ പ്രണയം, അഡിക്ഷൻ, പെരുമാറ്റ പ്രശ്നങ്ങൾ) തുടങ്ങിയവ അഭിമുഖീകരിക്കുന്ന ആത്മഹത്യ പ്രവണത മുൻകൂട്ടി കണ്ടെത്തുവാനും അതിൽ നിന്നും കുട്ടികളെ സംരക്ഷിയ്ക്കാൻ ഈ സംവിധാനത്തിലൂടെ വകുപ്പിന് സാധിയ്ക്കുന്നുണ്ട്.

Sreesi VS

## 18. ചൈൽഡ് കെയർ സ്ഥാപനങ്ങൾ (CCI)

സംസ്ഥാനത്ത് വനിത ശിശു വികസന വകുപ്പിന്റെ അംഗീകാരത്തോടെ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടേയും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടേയും സംരക്ഷണത്തിനു വേണ്ടി 741 ചൈൽഡ് കെയർ സ്ഥാപനങ്ങൾ ബാലനീതി നിയമപ്രകാരം പ്രവർത്തിക്കുന്നുണ്ട്. സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ നടത്തുന്ന 714 ശിശു സംരക്ഷണ സ്ഥാപനങ്ങളും വകുപ്പ് നേരിട്ട് നടത്തുന്ന 27 സ്ഥാപനങ്ങളുമാണ് നിലവിൽ പ്രവർത്തിക്കുന്നത്.

## 19. ജുവനൈൽ ജസ്റ്റിസ് ബോർഡ് (JJB)

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനത്തെ 14 ജില്ലകളിലും ജുവനൈൽ ജസ്റ്റീസ് ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. (ജെ ജെ ആക്ട് വകുപ്പ് 4). നിയമവുമായി പൊരുത്തപ്പെടാനാകാത്ത കുട്ടികൾക്ക് ബാലസൗഹൃദ സാഹചര്യങ്ങൾ നൽകി സമൂഹത്തിലേക്ക് പുനരധിവസിപ്പിക്കുകയും ഇത്തരം കുട്ടികൾ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നില്ലായെന്ന് ഉറപ്പാക്കുകയും ചെയ്യുകയാണ് ജെ ജെ ബിയുടെ പ്രധാന ലക്ഷ്യം. ജെ ജെ ബി യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിയമവുമായി പൊരുത്തപ്പെടാനാകാത്ത കുട്ടികളുടെ സാമൂഹിക അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി ബോർഡിനു മുൻപാകെ സമർപ്പിക്കുന്നത് ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് മുഖേനയാണ്. സമൂഹത്തിലേക്ക് പുനരധിവസിപ്പിയ്ക്കപ്പെടുന്ന നിയമവുമായി പൊരുത്തപ്പെടാനാകാത്ത കുട്ടികൾക്ക് മാനസിക സാമൂഹിക സംരക്ഷണം നൽകുന്നത് എസ് സി പി എസ് മുഖാന്തിരം നടപ്പിലാക്കുന്ന കാവൽ പദ്ധതിയുടെ പ്രവർത്തനങ്ങളിലൂടെയാണ് ജുവനൈൽ ജസ്റ്റീസ് ബോർഡിന്റെ പ്രവർത്തനം ഉദ്ദേശ്യലക്ഷ്യങ്ങളിലേക്കെത്തുന്നത്.

## 20. ചൈൽഡ് വെൽഫെയർ കമ്മിറ്റി (CWC)

ജെ ജെ ആക്ട് നിഷ്കർഷിക്കുന്നതും പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഓരോ ജില്ലയിലും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളുടെ പുനരധിവാസം സംബന്ധിച്ച് പരിശോധന നടത്തി തീരുമാനം എടുക്കുന്നത് ഈ കമ്മിറ്റിയാണ്.

Suma VJ

കേന്ദ്ര സർക്കാർ ഗൈഡ് ലൈനിൽ പരാമർശിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കും പുറമേ സംസ്ഥാന സർക്കാർ മുഖേന നിരവധി നൂതന പദ്ധതികൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

**21. കാവൽ**

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് മാനസിക സാമൂഹിക സംരക്ഷണം നൽകി സമൂഹത്തിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരും ബാംഗ്ലൂരിലെ നിംഹാൻസ് സ്ഥാപനവുമായി ചേർന്ന് രാജ്യത്ത് തന്നെ ആദ്യമായി ആരംഭിച്ച പദ്ധതിയാണ് കാവൽ. സംസ്ഥാനത്ത് തെരെഞ്ഞെടുക്കപ്പെട്ട 28 എൻ ജി ഒ കളുടെ സഹകരണത്തോടെ 14 ജില്ലകളിലും ടി പദ്ധതി നടപ്പിലാക്കി വരുന്നു.

**22. കാവൽ പ്ലസ്**

ഗുരുതരമായ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയും വിഷമകരമായ സാഹചര്യങ്ങളിൽ ജീവിക്കുന്ന ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കും ലൈംഗികാതിക്രമത്തെ അതിജീവിച്ച കുട്ടികൾക്കും ശാരീരിക-മാനസിക-സാമൂഹിക സംരക്ഷണം നൽകികൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരിക എന്ന ലക്ഷ്യത്തോട് കൂടി നടപ്പിലാക്കുന്ന പദ്ധതിയാണ് കാവൽ പ്ലസ്.

**23. ശരണബാല്യം**

ബാലവേല, ബാല ഭിക്ഷാടന, തെരുവ് ബാല്യ വിമുക്ത കേരളം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ശരണബാല്യം. ഇതുവരെ 296 കുട്ടികളെ ടി പദ്ധതി മുഖാന്തിരം റെസ്ക്യൂ ചെയ്ത് പുനരധിവസിപ്പിച്ചിട്ടുണ്ട്. നിലവിൽ എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു.

**24. വിജ്ഞാന ദീപ്തി**

സംയോജിത ശിശു സംരക്ഷണ പദ്ധതി മുഖേന ജെ ജെ ആക്ടിന്റെ പരിധിയിൽ വരുന്ന 18 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ സ്ഥാപനേതര സംരക്ഷണം ഉറപ്പാക്കുന്നതിനും സാമ്പത്തിക പരാധീനത മൂലം വിദ്യാഭ്യാസം നേടാൻ കഴിയാത്ത കുട്ടികൾക്ക് പഠനം ഉറപ്പാക്കുന്നതിനുമായി പ്രതിമാസം 2000/- രൂപ സംസ്ഥാന സർക്കാർ മുഖേന ധനസഹായം നൽകുന്ന പദ്ധതിയാണ് വിജ്ഞാനദീപ്തി (സ്പോൺസർഷിപ്പ്).

**25. പോറ്റി വളർത്തൽ (ഫോസ്റ്റർ കെയർ)**

മാതാപിതാക്കൾക്കുള്ള അവകാശങ്ങളും ചുമതലകളും നഷ്ടപ്പെടാതെ തന്നെ കുട്ടികളെ മറ്റൊരു കുടുംബത്തിൽ താത്ക്കാലികമായി വളർത്തുന്നതാണ് പോറ്റി വളർത്തൽ (ഫോസ്റ്റർ കെയർ). കുടുംബത്തിൽ മതിയായ സംരക്ഷണം ലഭിക്കാത്തതും ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ കഴിയുന്നതുമായ കുട്ടികളെ ഗുണകരമായ കുടുംബാന്തരീക്ഷത്തിൽ പുനരധിവസിപ്പിക്കുക എന്നതാണ് ഫോസ്റ്റർ കെയർ പദ്ധതിയുടെ ലക്ഷ്യം.

**26. കിൻഷിപ്പ് ഫോസ്റ്റർ കെയർ**

സംസ്ഥാനത്ത് ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്നതോ, മാതാപിതാക്കൾക്ക് പരിചരിക്കുവാൻ കഴിയാത്തതോ ആയ കുട്ടികളെ പരിചരിക്കുവാൻ കഴിയുന്ന സാമൂഹ്യ സാഹചര്യമുള്ള ബന്ധു കുടുംബങ്ങളിലേക്ക് പുനരധിവസിപ്പിക്കുക എന്നതാണ് കിൻഷിപ്പ് ഫോസ്റ്റർകെയർ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

**27. ഗ്രൂപ്പ് ഫോസ്റ്റർ കെയർ**

കുടുംബാന്തരീക്ഷം നൽകാൻ കഴിയുന്ന സ്ഥാപനത്തിനോ വ്യക്തികൾക്കോ പരാമവധി 8 കുട്ടികളെ വരെ പോറ്റി വളർത്താൻ നൽകുക. കഴിഞ്ഞ സാമ്പത്തിക വർഷം 60 കുട്ടികളെ ടി പദ്ധതി മുഖാന്തിരം കുടുംബങ്ങളിലേക്ക് പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**28. അവധിക്കാല ഫോസ്റ്റർ കെയർ**

അവധിക്കാലങ്ങളിൽ വീട്ടിലേക്ക് പോകാൻ സാധിക്കാത്ത കുട്ടികൾക്ക് താത്കാലികമായി കുടുംബാന്തരീക്ഷം നൽകുന്നതിനായി മറ്റു കുടുംബങ്ങളിലേക്ക് പുനരധിവസിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ടി പദ്ധതി മുഖാന്തിരം കഴിഞ്ഞ തവണ 194 കുട്ടികളെ പുനരധിവസിപ്പിച്ചിട്ടുണ്ട്.

**29. മൊബൈൽ ആപ്പ് (കുഞ്ഞാപ്പ്)**

കുട്ടികൾക്കെതിരെയുള്ള ഓൺലൈൻ അതിക്രമങ്ങൾ, മറ്റു വിവിധ അതിക്രമങ്ങൾ തടയുന്നതിനും, ആയത് ഉടനടി റിപ്പോർട്ട് ചെയ്യുന്നതിനുമായി വനിതാ ശിശു വികസന വകുപ്പ് ഒരു മൊബൈൽ ആപ്പ് (കുഞ്ഞാപ്പ്) ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഗൂഗിൾ പ്ലേ സ്റ്റോറിൽ

ലഭ്യമാണ്. ഈ ആപ്പിലൂടെ ഐ സി പി എസ് മുഖേന കുട്ടികൾക്ക് നൽകുന്ന സേവനങ്ങളെക്കുറിച്ചും അറിയുവാൻ സാധിക്കുന്നതാണ്.

**30. പാരന്റിംഗ് ക്ലിനിക് –**

കുട്ടികൾക്കിടയിലെ പ്രശ്നങ്ങൾ/വെല്ലുവിളികൾ മനസ്സിലാക്കി അവരെ നേർവഴിലേയ്ക്ക് നയിയ്ക്കുന്നതിന് രക്ഷിതാക്കളെ ബോധവൽക്കരിയ്ക്കുന്നതിനുമായി പാരന്റിംഗ് ക്ലിനിക്കുകൾ ബ്ലോക്ക്തലത്തിൽ ആരംഭിച്ചിട്ടുണ്ട്. പാരന്റിംഗ് ക്ലിനിക്കിൽ വരുന്ന കേസുകളിൽ ഭൂരിഭാഗവും കുട്ടികളുടെ പെരുമാറ്റ വൈകല്യം, വൈകാരിക പ്രശ്നങ്ങൾ, അഡിഷൻ, പ്രണയം, നിരാശ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. പാരന്റിംഗ് ക്ലിനിക്ക് കൗൺസിലർമാരുടെ സംയോജിതമായ ഇടപെടലിലൂടെ ഇത്തരം പല പ്രശ്നങ്ങളും ആത്മഹത്യയിലേയ്ക്ക് പോകുന്നത് തടയാൻ സാധിയ്ക്കുന്നു. സംസ്ഥാനത്ത് നിലവിൽ 152 ബ്ലോക്കുകളിലും 6 കോർപ്പറേഷനുകളിലെയും ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളിൽ ശനിയാഴ്ചകളിൽ പാരന്റിംഗ് ക്ലിനിക്കുകൾ പ്രവർത്തിച്ച് വരുന്നു. ഇതിനുപുറമെ പഞ്ചായത്തു തല ഔട്ട്റീച്ച് ക്യാമ്പുകളും അംഗനവാടി തല ക്ലിനിക്കുകളും സംഘടിപ്പിയ്ക്കുന്നു. പാരന്റിംഗ് ക്ലിനിക്ക് സേവനം സംബന്ധിച്ച് പ്രചരണം അങ്കണവാടി/ആശ പ്രവർത്തകരിലൂടെയും മറ്റ് പ്രചാരണ മാധ്യമങ്ങളിലൂടെയും നൽകുന്നതിനാൽ അപായ സാധ്യതയുള്ള കുടുംബങ്ങളെ പാരന്റിംഗ് ക്ലിനിക്ക് സേവനങ്ങളെപ്പറ്റി അറിയിയ്ക്കുവാൻ സാധിയ്ക്കുന്നുണ്ട്.

സംസ്ഥാനത്ത് ഉത്തരവാദിത്വ രക്ഷാകർതൃത്വം പ്രചരിപ്പിക്കുന്നതിനായും, മാതാപിതാക്കളുടെ സംശയദൂരീകരണത്തിനായും വകുപ്പിന്റെ കീഴിൽ രണ്ടാഴ്ചയിൽ ഒരിക്കൽ രക്ഷാകർതൃത്വം എന്ന വിഷയത്തിൽ ഉൾപ്പടെ വിവിധ മേഖലയിൽ ടി മേഖലകളിലെ വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്തി വെബ്ബിനാറുകൾ സംഘടിപ്പിട്ടുണ്ട്. ശാസ്ത്രീയമായ രക്ഷാകർതൃത്വത്തെ കുറിച്ച് മാർഗ്ഗനിർദ്ദേശം നൽകാനും രക്ഷിതാക്കൾക്കും കുട്ടികൾക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കുന്നതിനും ആവശ്യാനുസരണം കുട്ടികൾക്കും രക്ഷിതാക്കൾക്കും റഫറൽ അടിസ്ഥാനത്തിൽ വിദഗ്ധ പരിചരണം ഉറപ്പാക്കുന്നതിനുമായി 2021 ഫിബ്രവരി മാസം മുതൽ 158 പാരന്റിംഗ് ക്ലിനിക്കുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്

Seena VS

**31. ജുവനൈൽ ജസ്റ്റീസ് ഫണ്ട് (ബാലനിധി)**

ഗുരുതരരോഗം ബാധിച്ച കുട്ടികൾക്കുള്ള വൈദ്യസഹായം, പ്രകൃതിദുരന്തം, ലൈംഗികാതിക്രമം, മാനസിക പീഡനം മുതലായവക്ക് ഇരയായ കുട്ടികൾ, അനാഥക്കുട്ടികൾ, തെരുവ് കുട്ടികൾ, ബാലവേലയിൽ ഏർപ്പെട്ടിട്ടുള്ള കുട്ടികൾ എന്നിവർക്കായി 2015 ബാലനീതി നിയമം 105 പ്രകാരം 2016 ലെ ജുവനൈൽ ജസ്റ്റീസ് മോഡൽ റൂൾ 83 അനുസരിച്ച് ജസ്റ്റീസ് ഫണ്ട് (ബാലനിധി). നിലവിൽ അർഹരായ അതി സങ്കീർണ്ണമായ സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്ന മുഴുവൻ കുട്ടികൾക്കും ടി സേവനം എത്തിക്കുവാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ആയത് പരിഹരിക്കുന്നതിന് കൂടുതൽ സാമ്പത്തിക സമാഹരണം നടത്തുകയും ഫലപ്രദമായ സിവിൽ സൊസൈറ്റി പങ്കാളിത്തം ഉറപ്പാക്കി അർഹരായ കുട്ടികൾക്ക് ടി സേവനം നൽകി വരുന്നു.

**32. നൂതന പദ്ധതി: കോവിഡ്-19 മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്കുള്ള സർക്കാർ സഹായം നൽകുന്ന പദ്ധതി.**

കോവിഡ്-19 മഹാമാരിയുടെ വ്യാപനത്തിൽ മാതാപിതാക്കൾ നഷ്ടപ്പെടുകയും കുട്ടികൾ അനാഥരാകുകയും ചെയ്യുന്ന സാഹചര്യം സംജാതമാകുന്നതിനാൽ ഇത്തരത്തിൽ അനാഥരാകുന്ന കുട്ടികളെ ബാലനീതി നിയമത്തിന്റെ ശ്രദ്ധയും പരിചരണവും ആവശ്യമായ ഗണത്തിൽ ഉൾപ്പെടുത്തി പരിഗണന നൽകേണ്ടതുണ്ട്. കൂടാതെ കുട്ടികളുടെ സംരക്ഷണം, വിദ്യാഭ്യാസം മറ്റ് അടിയന്തിര ആവശ്യങ്ങൾ എന്നിവ മുൻനിർത്തി അടിയന്തിര സഹായം നൽകേണ്ടതും ആവശ്യമാണ്. പ്രസ്തുത വിഷയങ്ങൾ പരിഗണിച്ചുകൊണ്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം 3 ലക്ഷം രൂപ ഫിക്സഡ് ഡെപ്പോസിറ്റായി ഒറ്റത്തവണ നൽകുന്നു. കൂടാതെ പ്രതിമാസം 2000/- നിരക്കിലും 18 വയസ്സ് പൂർത്തിയാകുന്നതുവരെ കുട്ടിക്ക് തുക അനുവദിക്കുന്നു. ഇതു വരെ 141 കുട്ടികൾക്ക് സഹായം നൽകിയിട്ടുണ്ട്.

## വനിത വികസനവും ശാക്തീകരണവും

**33. നിർഭയ പദ്ധതി**

സ്റ്റേറ്റ് നിർഭയപോളിസി നടപ്പാക്കുന്നതിനാണ് സ്റ്റേറ്റ് നിർഭസെൽ രൂപീകൃതമായിട്ടുള്ളത്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി കേരള സർക്കാർ G.O(MS) 17/2012-SWD dt. 13.3.12 പ്രകാരം അംഗീകരിച്ച് നടപ്പാക്കി വരുന്ന നയ പദ്ധതിയാണ് നിർഭയ. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക പീഡനം,

ലൈംഗികാതിക്രമം, ലൈംഗിക വൃത്തിക്കുവേണ്ടിയുള്ള മനുഷ്യക്കടത്ത് എന്നിവയ്ക്കെതിരായുള്ള ശക്തമായ പ്രവർത്തനങ്ങൾക്കാണ് ഈ പദ്ധതി മുൻതൂക്കം നൽകുന്നത്.

നാല്ല പ്രധാന മേഖലകളിലെ ഇടപെടലുകളിലാണ് പദ്ധതി ലക്ഷ്യമിടുന്നത്.

1. പ്രതിരോധം
2. സംരക്ഷണം
3. നിയമനടത്തിപ്പ്
4. പുനരധിവാസവും പുനരേകീകരണവും

## 34. വൺസ്റ്റോപ്പ് സെന്റർ

സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ കൗൺസിലിംഗ്, വൈദ്യസഹായം, ചികിത്സ, നിയമസഹായം, പോലീസ് സംരക്ഷണം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാന വനിതാ ശിശുവികസന വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലാകളക്ടർ അദ്ധ്യക്ഷനായ ടാസ്ക്ഫോഴ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് വൺ സ്റ്റോപ്പ് സെന്റർ (ഒ.എസ്.സി.). കേരളത്തിൽ 14 ജില്ലകളിലും ഒ.എസ്.സി. പ്രവർത്തിച്ചുവരുന്നു.

ലിംഗപദവിയുമായി ബന്ധപ്പെട്ട അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് ഏതുസമയത്തും അഭയം തേടാവുന്ന സ്ഥാപനമാണിത്. ഒരു വനിത സെന്റർ അഡ്മിനിസ്ട്രേറ്റർ, സെന്ററിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. കൗൺസിലർ, ഡോക്ടർ, പോലീസ്, വക്കീൽ, വനിത സംരക്ഷണ ഓഫീസർ എന്നിവരുടെ സേവനവും സെന്ററിൽ ലഭ്യമാകുന്നു.

ജാതിമത വർഗ്ഗ-വർണ്ണ പ്രായഭേദമന്യേ സ്ത്രീകൾ സ്വകാര്യ-പൊതുയിടങ്ങളിൽ നേരിടുന്ന ശാരീരിക മാനസിക-വൈകാരിക-ലൈംഗിക അതിക്രമങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുകയും സേവനങ്ങൾ ഏകീകൃതമായി നൽകുകയും ശാശ്വത പരിഹാരം കണ്ടെത്താൻ സഹായിക്കുകയും ചെയ്യുന്നു. സെന്റർ 24 മണിക്കൂറും പ്രവർത്തിക്കുന്നു.

Seena VS

**35. കാതോർത്ത് പദ്ധതി:**

വിവിധ പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് ഓൺലൈൻ കൺസൾട്ടേഷൻ നൽകുന്ന കാതോർത്ത് പദ്ധതി 2021 ഫെബ്രുവരി മുതൽ നടപ്പാക്കി വരുന്നു. ഈ പദ്ധതി പ്രകാരം Kathorthu.wcd.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന സ്ത്രീകൾക്ക് പരാതി സമർപ്പിക്കാവുന്നതാണ്. അവരുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം, കൗൺസിലിംഗ്, നിയമോപദേശം, പോലീസ് സഹായം എന്നിവ ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്നതാണ്. സ്ത്രീകൾക്ക് സ്വന്തം വീട്ടിൽ ഇരുന്ന് കൊണ്ട് പ്രശ്നപരിഹാരം തേടാം എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത

**36. രക്ഷാദൂത്:-**

ഗാർഹിക പീഡനത്തിൽനിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശു വികസന വകുപ്പും സഹകരിച്ച് ആരംഭിച്ച പദ്ധതിയാണ് രക്ഷാദൂത്. ഗാർഹിക പീഡനത്തിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം 2005 ഫലപ്രദമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അതിക്രമങ്ങളിൽപ്പെടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പരാതി സമർപ്പിക്കുന്നതിനായി തപാൽ വകുപ്പ് വനിത ശിശു വികസന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന രക്ഷാദൂത് പദ്ധതി. അതിക്രമത്തിനിരയായ വ്യക്തിയോ, അവരുടെ പ്രതിനിധിയോ പോസ്റ്റ് ഓഫീസിൽ എത്തി "തപാൽ "എന്ന കോഡ് പറയുകയും അവർക്ക് പോസ്റ്റ് മാസ്റ്റർ/മിസ്ട്രസിന്റെ സഹായത്തോടെകൂടി ഒരു സീൽ ചെയ്ത പേപ്പറിൽ പരാതി സ്വന്തം മേൽവിലാസമെഴുതി ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. അല്ലാത്തപക്ഷം പീഡനം അനുഭവിക്കുന്ന സ്ത്രീയോ/കുട്ടിയോ അവരുടെ അടുത്തുള്ള ലെറ്റർ ബോക്സിൽ സീൽ ചെയ്ത് വെള്ള പേപ്പറിൽ സ്വന്തം മേൽവിലാസമെഴുതി നിക്ഷേപിക്കാവുന്നതുമാണ്. ഈ പരാതികൾ പോസ്റ്റ് മാസ്റ്റർ സ്വീകരിച്ച് പീഡനം നേരിട്ട സ്ത്രീ/ കുട്ടിയുടെ പൂർണ്ണമായ മേൽവിലാസത്തോടെ വനിത ശിശു വികസന വകുപ്പിന്റെ ഇ-മെയിൽ/വാട്സ് ആപ്പ് sms helpline നിൽ കൈമാറുന്നതാണ്. ഈ പരാതികൾ വകുപ്പിലെ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**37. പ്രധാൻ മന്ത്രി മാതൃ വന്ദന യോജന**

തൊഴിൽ ചെയ്ത് ജീവിക്കുന്ന സ്ത്രീകൾക്ക് അവരുടെ ഗർഭ/പ്രസവ കാലയളവിലുണ്ടാകുന്ന തൊഴിൽ/വരുമാന നഷ്ടം ചെറിയ ഒരു പരിധി വരെ പരിഹരിക്കുന്നതിനും ഗർഭ പ്രസവ

Sum

കാലയളവിൽ സ്ത്രീയ്ക്കും കുഞ്ഞിനും ആവശ്യമായ പോഷക പരിചരണം ഉറപ്പാക്കുന്നതിനും വേണ്ടിയുള്ളതാണീ പദ്ധതി. 19 വയസ്സിനു മേൽ പ്രായമുള്ള സ്ത്രീകൾക്ക് അവരുടെ ആദ്യത്തെ സജീവ ജനനത്തിന് 5000/- രൂപ ആനുകൂല്യമായി ലഭിക്കുന്നു. ഇപ്രകാരം ആനുകൂല്യമായി അനുവദിക്കുന്ന 5000/- രൂപ 3 ഗഡുക്കളായിട്ടാണ് നൽകുന്നത് (1000 + 2000 + 2000). സാമ്പത്തിക ആനുകൂല്യം ഗുണഭോക്താവിന്റെ ബാങ്ക്/പോസ്റ്റ് ഓഫീസ് അക്കൗണ്ട് വഴി നേരിട്ട് നൽകുന്നു. സർക്കാർ /അർദ്ധ സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളിലോ ജോലി ഇല്ലാത്തവരും മറ്റേതെങ്കിലും പ്രസവാനുകൂല്യം ലഭിക്കാത്തവരുമായ എല്ലാ സ്ത്രീകളും പദ്ധതി ഗുണഭോക്തകളാകുന്നതിന് അർഹരാണ്. പുതുക്കിയ മാർഗ്ഗനിർദ്ദേശം പ്രകാരം രണ്ടാം പ്രസവത്തിലെ പെൺകുഞ്ഞിന് 6000/- രൂപ ആനുകൂല്യം ലഭിക്കുന്നതിനു അർഹതയുണ്ട്.

**38. പ്രീ മാരിറ്റൽ / മാരിറ്റൽ കൗൺസിലിംഗ് :-**

വർദ്ധിച്ചുവരുന്ന കുടുംബ ശിഥിലത പരിഹരിക്കുന്നതിന് പ്രീ മാരിറ്റൽ / മാരിറ്റൽ കൗൺസിലിംഗ് ഉപകരിക്കുമെന്ന് തെളിയിക്കപ്പെട്ട വസ്തുതയാണ്. കേരള സമൂഹത്തിൽ അടുത്ത കാലത്തായി സ്ത്രീധന മരണങ്ങളും, ഗാർഹിക പീഡനവും കൂടിയതിന്റെ പശ്ചാത്തലത്തിൽ പ്രീ മാരിറ്റൽ / മാരിറ്റൽ കൗൺസിലിങ്ങിനായി വനിതാ ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ രീതിയിൽ പ്രീ മാരിറ്റൽ / മാരിറ്റൽ കൗൺസിലിംഗ് നൽകുന്നതിനു തീരുമാനിച്ചിരിക്കുന്നു. 77 ഫാമിലി കൗൺസിലർമാർ, 11 ഷെൽറ്റർ ഹോം കൗൺസിലർമാർ, 56 കാതോർത്തു കൗൺസിലർമാർ ഉൾപ്പെടെ 144 കൗൺസിലർമാർ മുഖേനെയാണ് പ്രീ മാരിറ്റൽ / മാരിറ്റൽ കൗൺസിലിംഗ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നത്. ഇത്തരത്തിൽ പരിശീലനം ലഭിച്ച കൗൺസിലർമാർ ഫാമിലി കൗൺസിലിംഗ് സെന്റർ, ഷെൽറ്റർ ഹോമുകൾ, കാതോർത്തു ഓൺലൈൻ പോർട്ടൽ വഴി കാര്യക്ഷമമായി പ്രീ മാരിറ്റൽ / മാരിറ്റൽ കൗൺസിലിംഗ് നടത്തുന്നതിനു പുറമേ, സംസ്ഥാനത്തെ തെരഞ്ഞെടുത്ത 100 ബ്ലോക്കുകളിൽ പ്രീ മാരിറ്റൽ / മാരിറ്റൽ കൗൺസിലിംഗ് നൽകുന്നതാണ്.

**39. ഫാമിലി കൗൺസലിംഗ് സെന്ററുകൾ:-**

വനിത ശിശു വികസന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ കേരള സംസ്ഥാന സോഷ്യൽ വെൽഫെയർ ബോർഡിന് കീഴിൽ 38 ഫാമിലി കൗൺസിലിങ് സെന്ററുകൾ

Suni

പ്രവർത്തിച്ച് വരുന്നു. ഗാർഹിക പീഡനങ്ങൾക്ക് ഇരയാകുന്ന വ്യക്തികൾക്ക് കൗൺസിലിംഗ് നൽകുക, നിയമസഹായം വേണ്ടുന്നവർക്ക് ലീഗൽ കൗൺസിലറുടെ സേവനം ലഭ്യമാക്കുക. താൽക്കാലിക അഭയകേന്ദ്രം ആവശ്യമായി വരുന്ന ഉണഭോക്താക്കൾക്ക് താമസസൗകര്യം ഷെൽട്ടർ ഹോമുകളിൽ ലഭ്യമാക്കുക, ബോധവൽക്കരണ ക്ലാസ്സുകളിൽ ഗാർഹികപീഡനനിയമം ഉൾപ്പെടുത്തുക. ഗാർഹിക പീഡനത്തിന് ഇരയാകുന്നവർക്ക് സർക്കാരിൽ നിന്നും ലഭ്യമാക്കുന്ന സാമ്പത്തിക സഹായം.എന്നിവയാണ് ഫാമിലി കൗൺസിലിങ് സെന്ററുകളുടെ പ്രധാന ചുമതലകൾ

**40. ടാസ്ക് ഫോഴ്സ്:-**

സ്ത്രീധന - ഗാർഹിക പീഡന സംബന്ധമായ പരാതികളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും സ്ത്രീകൾക്ക് നീതി ഉറപ്പാക്കുന്നതിനുമായി പോലീസ് സ്റ്റേഷൻ അടിസ്ഥാനത്തിൽ വനിതാ ശിശു വികസന വകുപ്പ് പോലീസ് വകുപ്പുമായി ചേർന്ന് ICDS സൂപ്പർവൈസർ, ജനമൈത്രി പോലീസ്, അങ്കണവാടി വർക്കർ (ICDS സൂപ്പർവൈസർ നോമിനേറ്റ് ചെയ്യുന്നു), പാര ലീഗൽ വോളണ്ടിയർ എന്നീ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു .

**41. മിഷൻ ശക്തി**

സ്ത്രീകളുടെ സുരക്ഷ, സംരക്ഷണം, ശാക്തീകരണം എന്നിവ ലക്ഷ്യമിട്ടു കൊണ്ട് സംയോജിത സ്ത്രീ ശാക്തീകരണ പരിപാടിയായ മിഷൻ ശക്തി സമഗ്ര പദ്ധതി പതിനഞ്ചാം ധനകമ്മിഷൻ കാലയളവിൽ (2021-23 to 2025-26) കാലയളവിൽ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിക്കുകയും ടി പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗനിർദേശം 14.07.2022 തീയതിയിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

സമ്പൽ(Sambal), സമർദ്ധ്യ (Samarthya) എന്നീ രണ്ടു സബ് സ്കീമുകൾ ഉൾപ്പെടുന്ന ടി പദ്ധതിയിൽ സമ്പൽ പദ്ധതിയിലൂടെ സ്ത്രീകളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പ് വരുത്തുന്ന വൺസ്റ്റോപ് സെന്റർ(OSC), വിമൺ ഹെല്പ് ലൈൻ(WHL), ബേഠി ബച്ചാവോ ബേഠി പഠാവോ (BBBP), Nari Adalath എന്നീ പദ്ധതികളും, സമർദ്ധ്യ പദ്ധതിയിലൂടെ സ്ത്രീ ശാക്തീകരണം ലക്ഷ്യമിടുന്ന ശക്തി സദൻ (erstwhile Ujjawala Home & Swadhar Greh), സഖി നിവാസ് (erstwhile Working Women's Hostel), പൽന (erstwhile National Creche Scheme), പ്രധാൻ മന്ത്രി മാതൃ വന്ദന യോജന (PMMVY), ഹബ് ഫോർ എംപവർമെന്റ് ഓഫ്

വിമൺ (HEW) എന്നീ പദ്ധതികളും ഉൾപ്പെടുന്നു. ആയതിൽ സമ്പൽ പദ്ധതി 100% കേന്ദ്രാവിഷ്കൃത പദ്ധതിയും സമർത്ഥ്യ പദ്ധതി 60:40 ആനുപാതത്തിൽ കേന്ദ്ര സംസ്ഥാന വിഹിതം വഹിക്കുന്ന പദ്ധതിയുമാണ്.

**42. സ്വാധാർ ഗ്രഹ്**

ദുരിത ബാധിതരായ സ്ത്രീകളുടെയും, സാമൂഹിക സാമ്പത്തിക പിന്തുണയൊന്നുമില്ലാത്തവരുടെയും സംരക്ഷണവും, പ്രാഥമികാവശ്യങ്ങളായ പാർപ്പിടം, ഭക്ഷണം, വസ്ത്രം, രോഗ ചികിത്സ എന്നിവ നൽകുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സ്വാധാർ ഹോമുകളും, ഷോർട്ട് സ്റ്റേ ഹോമുകളും സംയോജിപ്പിച്ച് 2017-ലാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വാധാർ ഗ്രഹ് എന്ന പുതിയ പദ്ധതി ആരംഭിച്ചത്. 2022-23 വർഷം മുതൽ സ്വധാർ ഗ്രഹ് പദ്ധതിയും ഉജ്ജ്വല ഹോം പദ്ധതിയും സംയോജിപ്പിച്ച് ശക്തി സദൻ എന്ന പേരിൽ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

**43. ഉജ്ജ്വല**

മനുഷ്യക്കടത്ത് തടയൽ, രക്ഷപ്പെടുത്തൽ, പുനരധിവാസം എന്നിവയ്ക്കായുള്ള സമഗ്ര പദ്ധതിയായ ഉജ്ജ്വല പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. നിലവിൽ 3 സ്ഥാപനങ്ങൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിച്ചു വരുന്നു. കൾച്ചറൽ അക്കാഡമി ഫോർ പീസ്, എറണാകുളം, സെന്റ് ബെർണഡിറ്റ് ഹോം ഫോർ വിമൻ, കോഴിക്കോട്, പി. സരോജിനി അമ്മ സ്മാരക മഹിളാ സമാജം എന്നവയാണ് ടി 3 സ്ഥാപനങ്ങൾ. 2022-23 വർഷം മുതൽ സ്വധാർ ഗ്രഹ് പദ്ധതിയും ഉജ്ജ്വല ഹോം പദ്ധതിയും സംയോജിപ്പിച്ച് ശക്തി സദൻ എന്ന പേരിൽ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്

**44. വൺ ഡേ ഹോം (ഏകദിന വസതി)**

തലസ്ഥാന നഗരിയിൽ അടിയന്തിര ആവശ്യങ്ങൾക്കായി വിവിധ ജില്ലകളിൽ നിന്ന് തനിച്ച് എത്തുന്ന സ്ത്രീകൾക്ക് സുരക്ഷിത താമസ സൗകര്യം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഒരു ഏകദിന വസതി (One Day Home) എന്ന പദ്ധതി തിരുവനന്തപുരത്ത് നടപ്പിലാക്കി വരുന്നു.

**45. എന്റെ കൂട്**

നിരാലംബരായ സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സുരക്ഷിതമായി താമസിക്കുവാൻ ഒരു രാത്രികാല അഭയകേന്ദ്രം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ

ആരംഭിച്ച " എന്റെ കൂട് " പദ്ധതി കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ പ്രവർത്തിച്ച വരുന്നു

**46. മഹിളാ മന്ദിരങ്ങൾ**

വിധവകൾ, വിവാഹബന്ധം വേർപെടുത്തിയവർ, ദുരിതബാധിതരും അഗതികളുമായ സംരക്ഷിക്കാനാരുമില്ലാത്ത സ്ത്രീകളെയും അവരുടെ 6 വയസ്സിനു താഴെയുള്ള കുട്ടികളെയും പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്താകെ 12 മഹിളാ മന്ദിരങ്ങൾ പ്രവർത്തിച്ച വരുന്നു. ഇവർക്ക് താമസം, ഭക്ഷണം, മരുന്ന് തുടങ്ങിയവ നല്കി വരുന്നു. മാതാപിതാക്കൾക്ക് വിവാഹം കഴിപ്പിച്ച അയയ്ക്കാനുള്ള സാമ്പത്തികം ഇല്ലാത്തതും സ്ഥാപനത്തിൽ തന്നെ താമസിച്ച വരുന്നതുമായ യുവതികളുടെ വിവാഹം നടത്തി വരുന്നു. ഓരോ സ്ഥാപനത്തിനും ഓരോ വർഷവും സ്ഥാപനത്തിലെ താമസക്കാരുടെ വിദ്യാഭ്യാസം, സ്വയം തൊഴിൽ പരിശീലനം എന്നിവയ്ക്ക് ധനസഹായം നൽകി വരുന്നു. പ്രവേശനത്തിനുള്ള പ്രായപരിധി 18-60 വയസ്സ് ആണ്.

**47. ആഫ്റ്റർ കെയർ ഹോം**

വകുപ്പിന്റെ കീഴിലുള്ള ചിൽഡ്രൺസ് ഹോം, സ്പെഷ്യൽ ഹോം, ബാലമന്ദിരം, പുവർ ഹോം, അനാഥാലയങ്ങൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും പുറത്തിറങ്ങിയവരെയാണ് ആഫ്റ്റർ കെയർ ഹോമുകളിൽ പുനരധിവസിപ്പിക്കുന്നത്. കോഴിക്കോട്, കൊല്ലം ജില്ലകളിൽ പെൺകുട്ടികളെയും, തലശ്ശേരിയിൽ ആൺകുട്ടികളെയും പുനരധിവസിപ്പിക്കുന്നുണ്ട്. സ്ഥാപനത്തിലെ കുട്ടികളുടെ താമസം, ഭക്ഷണം, മരുന്ന്, വിവാഹം, സ്വയംതൊഴിൽ പരിശീലനം എന്നിവയ്ക്ക് വകുപ്പ് ഫണ്ട് വകയിരുത്തി നടത്തി വരുന്നു. 18-21 വയസ്സ വരെയുള്ളവർക്കാണ് പ്രവേശനം.

**48. റസ്ക്യൂ ഹോം**

അസാന്മാർഗ്ഗിക അനാശാസ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടി വന്ന സ്ത്രീകളുടെ പുനരധിവാസം ലക്ഷ്യമിട്ട് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് മലപ്പുറം ജില്ലയിൽ നടപ്പിലാക്കി വരുന്ന പുനരധിവാസ പദ്ധതിയാണ് റസ്ക്യൂ ഹോം.

**49. ഷോർട്ട് സ്റ്റേ ഹോം**

കുടുംബ ബന്ധങ്ങളുടെ തകർച്ച മൂലം വിഷമതയിലായ സ്ത്രീകൾ, ഏതെങ്കിലും കാരണ വശാൽ വഴി തെറ്റി പോകാനിടയുള്ള പെൺകുട്ടികൾ എന്നിവരെ താൽക്കാലികമായി

സംരക്ഷിക്കുന്നതിന് വേണ്ടിയുള്ളതാണ് ഷോർട്ട് സ്റ്റേ ഹോം. കോഴിക്കോട് ജില്ലയിലാണ് ഷോർട്ട് സ്റ്റേ ഹോം പ്രവർവത്തിച്ച് വരുന്നത്.

**50. സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ :-**

ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്കും കുട്ടികൾക്കും സൗജന്യ നിയമ സഹായം, വൈദ്യസഹായം, വൊക്കേഷണൽ ട്രെയിനിംഗ്, ഷെൽട്ടർ ഹോമുകളിലേയ്ക്കുള്ള റഫറൻസ്, പോലീസിന്റെ സഹായം, ഗാർഹിക പീഡന നിയമത്തെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവ നൽകുന്നതിന് കേരളത്തിലെ 14 ജില്ലകളിലായി നിലവിൽ 90 സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**51. ഷെൽട്ടർ ഹോമുകൾ :-**

ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 പ്രകാരം ഗാർഹിക പീഡനങ്ങൾക്കിരയാകുന്ന വനിതകൾക്ക് സൗജന്യ ഭക്ഷണം, സൗജന്യ താമസ സൗകര്യം, സൗജന്യ വസ്ത്രം, കൗൺസിലിംഗ്, സൗജന്യ നിയമ സഹായം, വൈദ്യ സഹായം, തൊഴിൽ അധിഷ്ഠിത പരിശീലനം, കുട്ടികളുടെ സംരക്ഷണത്തിനും പഠനത്തിനുമുള്ള സൗകര്യങ്ങൾ എന്നീ സേവനങ്ങൾ ഷെൽട്ടർ ഹോം മുഖേന നൽകുന്നു. ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകളേയും കുട്ടികളെയുമാണ് (പെൺകുട്ടികളേയും 12 വയസ്സിന് താഴെ പ്രായമുള്ള ആൺകുട്ടികളേയും) ഈ ഹോമുകളിൽ താൽക്കാലികമായി (പരമാവധി രണ്ട് വർഷം വരെ) താമസിപ്പിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ 14 ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നു.

**52. SOS മോഡൽ ഹോം**

12 വയസ്സിനു താഴെയുള്ള ലൈംഗികാതിക്രമങ്ങൾ അതിജീവിച്ച കുട്ടികൾക്ക് ഭവനാന്തരീക്ഷം നൽകി പരിപാലിക്കുന്നതിനുവേണ്ടിയാണ് എസ്.ഒ.എസ്. മോഡൽ ഹോമുകൾ ആരംഭിച്ചിട്ടുള്ളത്. തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലായി 3 എസ്.ഒ.എസ്. മോഡൽ ഹോമുകൾ പ്രവർത്തിച്ചുവരുന്നു. ഓരോ ഹോമിലും ഒരു അമ്മയും സഹായിക്കും ഒപ്പം 6-8 കുട്ടികൾ താമസിച്ചുവരുന്നു.

Seena VS

**53. തേജ്ജോമയ ആഫ്റ്റർ കെയർഹോം**

നിർഭയ സെല്ലിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഹോമുകളിലെ താമസക്കാരിൽ 16 വയസ്സ് പൂർത്തിയായതും സ്കൂൾ പഠനത്തിന് താത്പര്യമില്ലാത്തതുമായ കുട്ടികളെ തെരഞ്ഞെടുത്ത് അവർക്കനുയോജ്യമായ തൊഴിൽ പരിശീലനവും ജീവിതനൈപുണ്യ പരിശീലനവും നൽകി തൊഴിൽ കണ്ടെത്തി നൽകി പുനരധിവാസ പ്രക്രിയ പൂർത്തിയാക്കുന്ന സ്ഥാപനമാണ് തേജോമയ ആഫ്റ്റർ കെയർ ഹോം. എച്ച്.എൽ.എഫ്.പി.പി.റ്റി.യുടെ മേൽനോട്ടത്തിൽ എറണാകുളം ജില്ലയിൽ പ്രവർത്തിച്ചുവരുന്നു

**54. ഇന്റഗ്രേറ്റഡ് കെയർ സെന്റർ**

നിർഭയ സെല്ലിന് കീഴിൽ പ്രവർത്തിക്കുന്ന ഹോമിലെ നിലവിലെ താമസക്കാരിൽ ഗർഭകാലം മുതൽ ഗർഭാനന്തരം വരെയുള്ള പരിചരണം ആവശ്യമുള്ളവർക്കും MTP കഴിഞ്ഞവർക്കും പ്രത്യേകം പരിഗണനയും സുരക്ഷയും നൽകുന്നതിനു വേണ്ടി തിരുവനന്തപുരം ജില്ലയിൽ നെട്ടയത്ത് പ്രവർത്തിക്കുന്ന ഹോമാണ് ഇന്റഗ്രേറ്റഡ് കെയർ സെന്റർ.

**55. ഹോം ഫോർ മെന്റൽ ഹെൽത്ത്.**

നിർഭയ സെല്ലിന് കീഴിൽ താമസക്കാരിൽ ചെറിയ തോതിലുള്ള പെരുമാറ്റ വൈകല്യം മുതൽ ഗുരുതരമായ മാനസിക രോഗം വരെയുള്ള താമസക്കാരുണ്ട്. ഇവർക്ക് ശിശുസൗഹൃദ അന്തരീക്ഷത്തിൽ പ്രത്യേക പരിഗണനയും ചികിത്സയും നൽകുന്ന സ്ഥാപനമാണിത്. തൃശ്ശൂർ ജില്ലയിൽ രാമവർമ്മപുരത്ത് പ്രവർത്തിക്കുന്നു.

**56. ആശ്വാസ നിധി**

ലൈംഗിക അതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ ലിംഗാധിഷ്ഠിത അതിക്രമങ്ങൾ എന്നിവയ്ക്ക് വിധേയരായിട്ടുള്ള സ്ത്രീകൾക്കും, കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നാളിതു വരെ 1200 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്

**57. ധീര പദ്ധതി**

നമ്മുടെ സമൂഹത്തിൽ ഇന്ന് സ്ത്രീകളോടും കുട്ടികളോടുമുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ബാല്യകാലത്തിൽ തന്നെ പെൺകുട്ടികളിൽ

ആത്മവിശ്വാസവും ധൈര്യവും വളർത്തുക, മാനസിക-ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുക, അതിക്രമങ്ങളെക്കുറിച്ച് ബോധവതികളാക്കുക, സ്വയരക്ഷ സാധ്യമാക്കുക എന്നീ ഉദ്ദേശങ്ങളോടെ ധീര എന്ന പേരിൽ വനിതശിശുവികസന വകുപ്പ് നിർഭയസെൽ മുഖാന്തിരം പഞ്ചായത്ത് തലത്തിൽ ആയോധനകലകൾ അഭ്യസിപ്പിക്കുന്നതിലേക്ക് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഇതിലേക്കായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തിലെ 10 വയസ്സിനും 15 വയസ്സിനും ഇടയിലെ കുട്ടികളെ അവിടുത്തെ അങ്കണവാടി കൗമാരക്ലബ്ബ് വഴി കണ്ടെത്തി ആയോധന കല അഭ്യസിക്കാൻ താത്പര്യമുള്ള കുട്ടികളെ ചുവടെ ചേർക്കും പ്രകാരം തെരഞ്ഞെടുക്കുന്നു.

1. മദ്യം, മയക്കമരുന്ന് എന്നിവയ്ക്ക് അടിമപ്പെട്ട മാതാപിതാക്കൾ ഉള്ളവർ
2. മാതാവോ പിതാവോ നഷ്ടമായവർ
3. മാതാപിതാക്കളല്ലാത്ത ബന്ധുക്കളോടൊപ്പം താമസിക്കുന്നവർ
4. മറ്റ് അരക്ഷിതമേഖലകളിലെ കുട്ടികൾ (ജില്ലാ ശിശുസംരക്ഷണ ഓഫീസർക്കോ, സി.ഡി.പി.ഒ.ക്കോ, ഐ.സി.ഡി.എസ്. സൂപ്പർവൈസർക്കോ നേരിട്ട് ബോദ്ധ്യപ്പെട്ടവർ)
5. ഏതെങ്കിലും അതിക്രമം മുമ്പ് നേരിട്ടിട്ടുള്ള കുട്ടികൾ

**58. പൊൻവാക്ക് പദ്ധതി:**

പെൺകുട്ടികളുടെ വിദ്യാഭ്യാസ മേഖലയിൽ ഏറെ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് നിയമവിരുദ്ധമായി ശൈശവ വിവാഹം നടക്കുകയും ആയത് റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും ചെയ്യുന്ന പ്രവണത കണ്ടു വരുന്നുണ്ട്. പൊതുജന പങ്കാളിത്തത്തോടുകൂടി മാത്രമേ ഈ സാമൂഹ്യ വിപത്ത് പൂർണ്ണമായി തടയാൻ സാധിക്കുകയുള്ളൂ. ആയതിനായി പൊൻവാക്ക് എന്ന പേരിൽ ശൈശവ വിവാഹം മുൻ കൂട്ടി അറിയിക്കുന്ന വ്യക്തിക്ക് പാരിതോഷികം നൽകുന്ന പദ്ധതി നടപ്പാക്കുന്നു. ശൈശവ വിവാഹം മുൻ കൂട്ടി അറിയിക്കുന്ന വ്യക്തിക്ക് 2500/- രൂപ ഈ പദ്ധതിയിലൂടെ പാരിതോഷികം നൽകുന്നു.

**59. സഹായഹസ്തം**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിനു താഴെ പ്രായമുള്ള വിധവകളായ സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്ത് വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് ഒറ്റത്തവണ സഹായമായി 30,000/- രൂപ അനുവദിക്കുന്ന 'സഹായഹസ്തം' എന്ന പദ്ധതി

2018-19 വർഷം മുതൽ നടപ്പിലാക്കി വരുന്നു. ഒരു ജില്ലയിൽ 10 പേർക്കാണ് സഹായം അനുവദിക്കുന്നത്.

**60. മംഗല്യ പദ്ധതി**

ബി.പി.എൽ/ മുൻഗണനാ വിഭാഗത്തിൽപ്പെട്ട 18 നും 50 നും മദ്ധ്യേ പ്രായമുള്ള വിധവകൾ, നിയമപരമായി വിവാഹ മോചനം നേടിയവർ എന്നിവരുടെ പുനർ വിവാഹത്തിന് 25,000/- രൂപ ധനസഹായം നൽകുന്ന മംഗല്യ പദ്ധതി 2008 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

**61. അഭയകിരണം**

അശരണരായ വിധവകൾക്ക് അഭയവും സംരക്ഷണവും നൽകുന്ന 'അഭയകിരണം' പദ്ധതി 2017-18 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സ്വന്തമായി താമസിക്കുന്നതിന് ചുറ്റുപാടില്ലാതെ ബന്ധുക്കളുടെ ആശ്രയത്തിൽ കഴിയുന്ന 50 വയസ്സിന് മുകളിൽ പ്രായമുള്ള വിധവകളെ സംരക്ഷിക്കുന്നവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ പദ്ധതി പ്രകാരം സാധുക്കളായ വിധവകൾക്ക് അഭയ സ്ഥാനം നൽകുന്ന ബന്ധുവിന് പ്രതിമാസം 1000 രൂപ അനുവദിക്കുന്നു.

**62. വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം**

ഈ പദ്ധതി പ്രകാരം വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകി വരുന്നു. BPL (മുൻഗണനാ വിഭാഗം) വിഭാഗത്തിൽപ്പെട്ട വിവാഹ മോചിതരായ വനിതകൾ, ഭർത്താവ് ഉപേക്ഷിച്ചുപോയ വനിതകൾ, ഭർത്താവിനെ കാണാതായി ഒരു വർഷം കഴിഞ്ഞ വനിതകൾ, ഭർത്താവിന് നട്ടെല്ലിന് ക്ഷതമേറ്റ്/പക്ഷാഘാതം കാരണം ജോലി ചെയ്യുവാനും കുടുംബം പുലർത്തുവാനും കഴിയാത്ത വിധം കിടപ്പിലായ കുടുംബങ്ങളിലെ വനിതകൾ, നിയമപരമായ വിവാഹത്തിലൂടെയല്ലാതെ അമ്മമാരായ വനിതകൾ, എ.ആർ.ടി തെറാപ്പി ചികിൽസയ്ക്ക് വിധയരാകുന്ന HIV ബാധിതരായ വ്യക്തികളുടെ കുട്ടികൾക്കും ധനസഹായത്തിന് അർഹതയുണ്ട്. ഒരു കുടുംബത്തിലെ പരാമാവധി രണ്ടു കുട്ടികൾക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ.

**63. പടവുകൾ**

വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനായി അവരുടെ വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ

Sueno

ഫീസ്, മെസ് ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുക എന്ന ഉദ്ദേശത്തോടെ 'പടവുകൾ' എന്ന ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതി 2018-19 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സർക്കാർ/എയ്ഡഡ് കോളേജുകളിലും, സർക്കാർ മെരിറ്റ് സീറ്റിൽ സ്വാശ്രയ കോളേജുകളിൽ പഠിയ്ക്കുന്ന വിദ്യർത്ഥികൾക്കും ടി വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുണ്ട്.

**64. സ്ത്രീധന നിരോധന നിയമം**

സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരെ ജില്ലയിലെ സ്ത്രീധന നിരോധന ഓഫീസർമാരായി നിയോഗിച്ചു. കൂടാതെ ടി നിയമത്തിന്റെ ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

**65. തൊഴിൽ സ്ഥലത്തെ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക പീഡനം (തടയലും, നിരോധിക്കലും, പരിഹാരവും) നിയമം - 2013**

13.08.18 ലെ സ.ഉ (സാധാ) നം. 489/2018/സാനീവ പ്രകാരം തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്ന നിയമം നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി വനിത ശിശുവികസന ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. അതിൻ പ്രകാരം എല്ലാ സർക്കാർ / സർക്കാരിതര സ്ഥാപനങ്ങളിലും കീഴ് കാര്യാലയങ്ങളിലും പ്രസ്തുത നിയമം അനുസരിച്ചുള്ള ഇന്റേണൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള അറിയിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ കളക്ടർമാരെയും ഈ നിയമത്തിൻ കീഴിലുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി ജില്ലാ ഓഫീസർമാരായി സർക്കാർ നിയമിച്ചിട്ടുണ്ട്. ടി നിയമപ്രകാരമുള്ള പരാതി ലഭ്യമാകുന്ന മുറയ്ക്ക് 7 ദിവസത്തിനുള്ളിൽ ലോക്കൽ കമ്മിറ്റിയ്ക്ക് അയച്ചു കൊടുക്കുന്നതിനായി വകുപ്പിലെ 258 ശിശുവികസന പദ്ധതി ഓഫീസർമാരെയും നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്.

കൂടാതെ Sexual Harrassment of women at workplace (Prevention, prohibition and redressal) Act 2013 സംബന്ധിച്ചുള്ള പരാതികൾ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള She Box എന്ന ഓൺ ലൈൻ പോർട്ടൽ നടപ്പാക്കുന്നുണ്ട്. ടി പോർട്ടലിന്റെ സ്റ്റേറ്റ് നോഡൽ ഓഫീസറായി വകുപ്പിലെ ജോയിന്റ് ഡയറക്ടറെ

ച്ചമതലപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ പരാതികൾ പരിശോധിക്കുന്നതിനായി 14 ജില്ലകളിലെയും പ്രോഗ്രാം ഓഫീസർമാരെ ഡിസ്ട്രിക്ട് നോഡൽ ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഇന്റേണൽ കമ്മിറ്റിയിലും ലോക്കൽ കമ്മിറ്റിയിലും ലഭ്യമാകുന്ന പരാതികളുടെ എണ്ണം രജിസ്റ്റർ ചെയ്യുന്നതിനും ആനുവൽ റിപ്പോർട്ട് ലഭ്യമാകുന്നതിനുമായി POSH COMPLIANCE PORTAL ഉദ്ഘാടനം ചെയ്തു. നിയമത്തെ കുറിച്ച് ഉദ്യോഗസ്ഥർക്കിടയിലും, പൊതുജനങ്ങൾക്കിടയിലും അവബോധം സൃഷ്ടിക്കുന്നതിന് വർഷം തോറും പരിശീലനപരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

**66. ഓഫീസുകളുടെയും ക്ഷേമ സ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനം**

വകുപ്പിലെ ജെജെ /ക്ഷേമ സ്ഥാപനങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്കും ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനം നടത്തുന്നതിനുമുള്ള പദ്ധതി.

Sreena. VS

സെക്ഷൻ ഓഫീസർ